നമ്പർ എ 3 562/16

കെ.പി.ഐ.പി. സബ്ഡിവിഷൻ 2
കല്ലടിക്കോട്,
തീയ്യതി :21/02/2018

## ലേലം/പുനർ ലേല പരസ്യം

കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി .അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കല്ലടിക്കോട് ഓഫീസിൽ നിന്നും പൊതു ജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തുന്നത്.

ഈ ഓഫീസിന്റെ അധികാരപരിധിയിൽപെടുന്നതും താഴെ പട്ടികയിൽ വിവരിക്കുന്ന മരങ്ങൾ /സാധനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് ആവശ്യമായ അനുവാദം ലഭിച്ചിട്ടുള്ളതാകുന്നു. ആയവ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ പൊതു ലേലം ചെയ്ത് വിൽക്കുന്നതാണ്. ഈ ആവശ്യത്തിലേക്ക് മത്സര സ്വഭാവമുള്ളക്വട്ടേഷനുകൾ മുദ്ര വെച്ച കവറുകളിൽ നിരതദ്രവ്യം സഹിതം 8/3/18 10.00 AM വരെ നേരിട്ട് ക്ഷണിച്ചു കൊള്ളുന്നു. പരസ്യ ലേലത്തിനു ശേഷം അന്നേ ദിവസം തന്നെ ലേലത്തിലോ ക്വട്ടേഷൻ പ്രകാരമോ ലഭ്യമായ കൂടുതൽ തുകക്ക് വാഗ്ദാനം നൽകിയ ആളുടെ പേരിൽ ലേലം താത്കാലികമായി ഉറപ്പിച്ചു കൊടുക്കുന്നതും കാഞ്ഞിരപ്പുഴ ജല സേചന പദ്ധതി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അംഗീകാരം ലഭിച്ചതിനു ശേഷം ലേലം ഉറപ്പിച്ചു നൽകുന്നതുമാണ്. ലേലമെടുത്ത വ്യക്തി ലേലസംഖ്യ ,നിലവിലുള്ള വിൽപന നികുതി ഇൻകം ടാക്സ് എന്നിവയും ഫോറസ്റ്റ് ഡവലപ്മെന്റ് ടാക്സ്(മരങ്ങളുടെ മാത്രം) എന്നിവ ഉൾപെടെ മുഴുവൻ സംഖ്യയും അപ്പോൾ തന്നെ അടക്കേതാണ്. ലേലത്തിൽ പങ്കെടുക്കുന്നതിന് പാൻകാർഡ് നിർബന്ധമാണ്.ക്വട്ടേഷൻ പ്രമാണത്തിന്റെ മാതൃക അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കല്ലടിക്കോട് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഏതെങ്കിലും സാങ്കേതിക കാരണത്താൽ ലേലംനടക്കാതെ വന്നാൽ ടി ലേല_ം അടുത്ത ദിവസം ലേലം നടത്തുന്നതാണ്.

## ലേലം

| ക്രമ നമ്പർ | കനാൽ റീച്ചുകൾ മരം സ്ഥിതി ചെയ്യുന്ന സ്ഥലം | മരങ്ങളുടെ വിവരങ്ങൾ | തീയ്യതി, സ്ഥലം , സമയം | നിരത ദ്രവ്യം |
|---|---|---|---|---|
| 1 | കെ.പി.ഐ.പി യുടെ ഇടതു കര മെയിൻ കനാലിന്റെ ചെയ്നേജ് 25/800 കിലോമീറ്ററിനും 26/000 കിലോമീറ്ററിനും ഇടയിൽ അപേക്ഷകന്റെ പുതിയതായി നിർമ്മിക്കുന്ന വീടിന് വഴി തടസ്സമായി നിൽക്കുന്ന രണ്ടു തേക്ക് മരങ്ങൾ. | രണ്ടു തേക്ക് മരങ്ങൾ | കെ.പി.ഐ.പി സബ്ഡിവിഷൻ നമ്പർ 2,കല്ലടിക്കോട് തീയ്യതി: 9/3/18 സമയം: 11.00 AM | 1250/- |

ജലസേചന പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള എല്ലാനിബന്ധനകളും ഈ ലേലത്തിൽ ബാധകമായിരിക്കും

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

(പൂർണ്ണ അധികചുമതല)

(കേരള ഗവർണ്ണർക്കു വേണ്ടി)

പകർപ്പ്

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.പി.ഐ.പി സബ്ഡിവിഷൻ,ഒറ്റപ്പാലം.
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.പി.ഐ.പി സബ്ഡിവിഷൻ, കാഞ്ഞിരപ്പുഴ.
3. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കാഞ്ഞിരപ്പുഴ.
4. പഞ്ചായത്ത് ഓഫീസ് കടമ്പഴിപ്പുറം.
5. വില്ലേജ് ഓഫീസ് കടമ്പഴിപ്പുറം.
6. പഞ്ചായത്ത് ഓഫീസ് തച്ചമ്പാറ
7. വില്ലേജ് ഓഫീസ്തച്ചമ്പാറ.
8. കെ.പി.ഐ.പി സെക്ഷൻ ഓഫീസ്1/2 കടമ്പഴിപ്പുറം
9. കെ.പി.ഐ.പി സെക്ഷൻ ഓഫീസ്2/2 കാഞ്ഞിരപ്പുഴ
10. കെ.പി.ഐ.പി സെക്ഷൻ ഓഫീസ്3/2 കല്ലടിക്കോട്
11. സബ്ഡിവിഷൻ നോട്ടീസ് ബോർഡ്.